# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.1580 18.06.2012 ൽ മറുപടിക്ക്

**എൻഡോസൾഫാൻ വിക്ടിം റിലീഫ് റെമഡിയൽ സെൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ: | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | എൻഡോസൾഫാൻ മേഖലയിൽ പുനരധിവാസത്തിന് മാതൃകാപരമായ പ്രവർത്തനം നടത്തിവരുന്ന എൻഡോസൾഫാൻ വിക്ടിം റിലീഫ് റെമഡിയൻ സെല്ലിനെ ഒഴിവാക്കി സർക്കാർ പുതിയ സമിതിയെ രൂപീകരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ; | (എ) | എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിനെ ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സർക്കാരിന്റെ 15.10.2011 തീയതിയിലെ സ.ഉ(സാധ) നം. 3619/2011/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ജില്ലയിലെ എം.പി, എം.എൽ.എ.മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ചെയർമാൻ കാസർഗോഡ്, ചെയർപേഴ്സൺ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ,വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, ജില്ലാ മെഡിക്കൽ ഓഫീസർമാർ എന്നിവർ രക്ഷാധികാരികളുമായി ജില്ലാതല സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | എൻഡോസൾഫാൻ വിക്ടിം റിലീഫ് റെമഡിയൻ സെൽ മുഖേന നടന്നുവരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ ? | (ബി) | എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ നേരിട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുകയല്ല ചെയ്യുന്നത്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകളും ഏജൻസികളും മറ്റും നടത്തിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് |

| | | | |
|---|---|---|---|
| | | | സെൽ രൂപീകരിക്കപ്പെട്ടത്. അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് സെൽ നടത്തി വരുന്നത്.<br>ജില്ലാതല സെല്ലിന് കീഴിൽ വിഷയാടിസ്ഥാനത്തിൽ 5 സബ് കമ്മിറ്റികളും വിവധ ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്ത് തല സമിതികളും അവക്ക് കീഴിലായി വാർഡ് തല സമിതികളും നിലവിലുണ്ട്. വിവിധ തലത്തിലുള്ള സമിതികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് ദുരിതബാധിതരുടെ പ്രശ്നങ്ങളും അവർക്കായി നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നു. വിവിധ സമിതികളുടെ പ്രവർത്തനങ്ങളുടെയും ദുരിതബാധിതർക്കായി നടപ്പിലാക്കപ്പെടുന്ന വിവിധ പദ്ധതികളുടെയും ഏകോപനം സെല്ലിന്റെ ഉത്തരവാദിത്വത്തിൽ നടത്തപ്പെടുകയും സമയാസമയങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. സെല്ലിന്റെ പേരിൽ ഒരു വെബ് സൈറ്റും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ